പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.T6260 | 10.07.2012 ൽ മറുപടിയ്ക്ക് |
|---|---|

## കൗമാര മാനസിക ആരോഗ്യ പദ്ധതി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.സി.പി. മുഹമ്മദ്<br>,, വർക്കല കഹാർ<br>,, എം.എ. വാഹീദ്<br>,, ഷാഫി പറമ്പിൽ | | ഡോ. എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
| (എ) | കൗമാര മാനസിക ആരോഗ്യ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; | (എ) കൗമാര മാനസിക ആരോഗ്യ പദ്ധതി എന്ന പേരിൽ സാമൂഹ്യക്ഷേമ വകുപ്പ് വഴി പദ്ധതിയൊന്നും നടപ്പിലാക്കുന്നില്ല. എന്നാൽ കൗമാരപ്രായക്കാരായ പെൺകുട്ടികൾക്കുള്ള സൈക്കോ സോഷ്യൽ സർവ്വീസസ് വഴി 500 സർക്കാർ സ്കൂളുകളിൽ കൗൺസിലിംഗ് പ്രോഗ്രാം നടപ്പിലാക്കുന്നുണ്ട്. കൂടാതെ 11 മുതൽ 18 വയസ്സ് വരെയുള്ള കൗമാരക്കാരായ പെൺകുട്ടികളുടെ ആരോഗ്യ പോഷണ നിലവാരം ഉയർത്തുന്നതിനും അവരുടെ വിവിധങ്ങളായ സ്കിൽസ് ഉയർത്തുന്നതിനും ഇതോടൊപ്പം അവരെ ശാക്തീകരിക്കുന്നതിനും ഉദ്ദേശിച്ചുകൊണ്ടുള്ള കേന്ദ്ര സർക്കാർ പദ്ധതിയായ സബല കേരളത്തിലെ കൊല്ലം, ഇടുക്കി, പാലക്കാട്, മലപ്പുറം ജില്ലകളിൽ നടപ്പിലാക്കുന്നുണ്ട്. മറ്റു ജില്ലകളിൽ 11 മുതൽ 18 വയസ്സുവരെയുള്ള കൗമാര പ്രായക്കാരായ പെൺകുട്ടികൾക്ക് കിശോരി ശക്തി യോജന പദ്ധതിയും 100% |

| | | |
|---|---|---|
| | | കേന്ദ്രസഹായത്തോടെ സാമൂഹ്യ ക്ഷേമ വകുപ്പ് നടപ്പിലാക്കി വരുന്നു. ഇതിനുപുറമെ ആരോഗ്യ വകുപ്പും എൻആർഎച്ച്എം വഴി ജില്ലാ മാനസിക ആരോഗ്യ പദ്ധതി, കൗമാരപ്രജനന ആരോഗ്യ പദ്ധതി(എആർഎസ്എച്ച്), സ്കൂൾ ആരോഗ്യ പദ്ധതി എന്നിവയിലൂടെ കൗമാര പ്രായക്കാർക്ക് മാനസിക ആരോഗ്യം സംബന്ധിച്ചുള്ള കൗൺസിലിംഗ് റഫറൽ മുതലായ സേവനങ്ങൾ നൽകി വരുന്നുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനായി അദ്ധ്യാപകർക്ക് പരിശീലനം നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; | (ബി) & (സി) ബാധകമല്ല |
| (സി) | പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനുള്ള നോഡൽ ഏജൻസി ഏതാണ് ; വിശദമാക്കുമോ ? | |

സെക്ഷൻ ഓഫീസർ